## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ ശുചീകരണ തൊഴിലാളിയായിരിക്കെ മരണപ്പെട്ട സുനിലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധാ) നം. 405/2018/തസ്വഭവ    തീയതി, തിരുവനന്തപുരം : 09/02/2018

പരാമർശം : 1) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ അവതരിപ്പിച്ച 09/02/2015 തീയതിയിലെ പ്രമേയം.
2) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിലിന്റെ 09/02/2015 തീയതിയിലെ 39-ാം നമ്പർ തീരുമാനം.
3) കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 25/03/2015 തീയതിയിലെ എച്ച് 11/5763/15 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 05/08/2017 തീയതിയിലെ ഇ 2-10765/16 നമ്പർ കത്ത്.

### ഉത്തരവ്

കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ ശുചീകരണ തൊഴിലാളിയായി 01/05/2008 മുതൽ ജോലി ചെയ്തുവന്നിരുന്ന സുനിലിന് 02/04/2011 ൽ ജോലിസ്ഥലത്തു വച്ച് ശാരീരികമായി അസ്വസ്ഥത ഉണ്ടായിരുന്നതിനെ തുടർന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ടിയാൻ 02/04/2011 ൽ തന്നെ മരണപ്പെടുകയുമുണ്ടായെന്നും, സി.എൽ.ആർ.ജോലിക്കാരനായതിനാൽ ടിയാന്റെ കുടുംബത്തിന് മറ്റ് ആനുകൂല്യങ്ങൾ ഒന്നുംതന്നെ കോർപ്പറേഷനിൽ നിന്ന് ലഭിക്കാത്ത സാഹചര്യത്തിൽ, ടിയാന്റെ കുടുംബത്തെ സഹായിക്കേണ്ടത് കോർപ്പറേഷന്റെ മനുഷ്യത്വപരവും ധാർമ്മികവുമായ കടമയായതിനാൽ, ടിയാന്റെ കുടുംബത്തിന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപാ മാത്രം) ധനസഹായം കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിനുള്ള അനുവാദത്തിനായി പരാമർശം (1) പ്രകാരം പ്രമേയം അവതരിപ്പിക്കുകയും, ആയത് പരാമർശം (2) പ്രകാരം കോർപ്പറേഷൻ കൗൺസിൽ ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തുവെന്നും, ടി വിഷയത്തിലുള്ള കോർപ്പറേഷൻ സെക്രട്ടറിയുടെ പരാമർശം (3) പ്രകാരമുള്ള അഭിപ്രായം അംഗീകരിക്കാവുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (4) പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശയും ചെയ്തിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ കൗൺസിൽ തീരുമാനത്തിന്റെയും നഗരകാര്യ ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ, ടി വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച്, കൊല്ലം മുൻസിപ്പൽ കോർപ്പറേഷനിൽ

സി.എൽ.ആർ വർക്കറായി ജോലി നോക്കി വരവെ മരണപ്പെട്ട സുനിലിന്റെ കുടുംബത്തിന് മുൻസിപ്പൽ കോർപ്പറേഷന്റെ തനത് ഫണ്ടിൽ നിന്ന് 2,00,000/- രൂപ (രണ്ട് ലക്ഷം രൂപാ മാത്രം) സാമ്പത്തിക സഹായം നൽകുന്നതിന് നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
എസ്.മോഹൻദാസ്
അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കൊല്ലം മുൻസിപ്പൽ കോർപ്പറേഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ